പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2918

18.08.2017-ൽ മറുപടിയ്ക്ക്

## പൊഴിയൂർ തീരപ്രദേശത്തെ ഓഡിറ്റോറിയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ആൻസലൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, പൊഴിയൂർ തീരദേശത്തു നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ പണി പൂർത്തീകരിച്ചോ; | (എ)യും (ബി)യും (സി)യും (ഡി) യും | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊഴിയൂർ തീരദേശത്ത് ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നില്ല. എന്നാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിലെ പരുത്തിയൂർ മത്സ്യഗ്രാമത്തിൽ 61.45 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു കമ്മ്യൂണിറ്റി ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 15/09/2015-ൽ നിർമ്മാണം ആരംഭിച്ച പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു. ടി പദ്ധതിയോടനുബന്ധിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ ഒന്നും സ്ഥാപിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനും അനുബന്ധമായി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിനും കൂടി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത്; ഏതു വർഷം നിർമ്മാണം ആരംഭിച്ചു; | | |
| (ഡി) | പൊഴിയൂർ തീരദേശത്ത് നിർമ്മിക്കുന്ന ഓഡിറ്റോറിയം, സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റ് ഇവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ